# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No. 222/PR/PIC/PHQ/18 Date 31.08.2018

---

## നദികളിലും ജലാശയങ്ങളിലും പ്ലാസ്റ്റിക്കും മറ്റ് പാഴ്‌വസ്തുക്കളും വലിച്ചെറിയരുത് – സംസ്ഥാന പോലീസ് മേധാവി

പ്രളയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക്കും പാഴ്‌വസ്തുക്കളും മറ്റ് മാലിന്യങ്ങളും വീണ്ടും നദികളിലേക്കും ജലാശയങ്ങളിലേക്കും വലിച്ചെറിയരുതെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അഭ്യർഥിച്ചു. പല പ്രദേശങ്ങളിലും ഇത്തരത്തിൽ പാഴ് വസ്തുക്കൾ ജലാശയങ്ങളിലേക്ക് വീണ്ടും വലിച്ചെറിയുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണിത്. ഇത്തരം നടപടികൾ ഇന്ത്യൻ ശിക്ഷാനിയമം, കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ട്, പഞ്ചായത്തിരാജ്, മുനിസിപ്പാലിറ്റി ആക്ടുകൾ തുടങ്ങി വിവിധ നിയമങ്ങൾ പ്രകാരം കുറ്റകരമാണ്. ഇവയ്ക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ പോലീസുദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് മേധാവി നിർദേശം നല്കി. ഇതിനകം തന്നെ ഇത്തരം സംഭവങ്ങളിൽ ഏതാനും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പ്രളയത്തെത്തുടർന്നുണ്ടായ പാഴ് വസ്തുക്കളും മാലിന്യങ്ങളും സംസ്കരിക്കുന്നതിന് വ്യക്തമായ മാർഗനിർദേശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ജനങ്ങൾക്ക് അവ സംബന്ധിച്ച് ബോധവത്കരണം നടത്തണമെന്നും ജില്ലാ പോലീസ് മേധാവിമാരോട് നിർദേശിച്ചിട്ടുണ്ട്. ഇതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ജനമൈത്രി സമിതികൾ, വിവിധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ ക്യാംപയിനുകൾ സംഘടിപ്പിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

*********************